(ബി) സംസ്ഥാനത്തെ മറ്റ് ജില്ലകളിലെ വിവിധ മണ്ഡലങ്ങളിൽനിന്നും എം.എൽ.എ. മാർ മുഖേന നൽകിയ അപേക്ഷകൾ എത്രയെന്നും പ്രസ്തുത അപേക്ഷകളിന്മേൽ അനുവദിച്ച ധനസഹായം എത്രയെന്നും വർഷം തിരിച്ചുള്ള കണക്ക് നൽകാമോ ?

ഉത്തരം

(എ&ബി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ചികിത്സാ സഹായത്തിനായി ലഭിക്കുന്ന അപേക്ഷകളെയും വിതരണം ചെയ്ത തുകയെയും സംബന്ധിച്ചുള്ള കണക്കുകൾ നിയോജകമണ്ഡലം തിരിച്ച് സൂക്ഷിച്ചിട്ടില്ല.

ചികിത്സാ ധനസഹായം

78 (2897) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും അനുവദിക്കുന്ന ചികിത്സാ ധനസഹായം അപേക്ഷകന്റെ താലൂക്കിൽ നിന്നും വിതരണം നടത്തുന്നതിന് പകരം ജില്ലയിലെ മറ്റ് താലൂക്കുകളിൽ നിന്നും വിതരണം നടത്തുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) താലൂക്കുകളിൽ ചികിത്സാ ധനസഹായം എത്തി എന്ന വിവരം അപേക്ഷകനെ യഥാസമയം അറിയിക്കാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) അർഹതപ്പെട്ട ചികിത്സാ സഹായം ഏത് താലൂക്കിൽ നിന്നാണ് ലഭിക്കേണ്ടത് എന്നറിയാതെ രോഗിയായ അപേക്ഷകർ ഓരോ താലൂക്കും കയറിയിറങ്ങേണ്ട സാഹചര്യം ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(ഡി) ചികിത്സാ സഹായം അപേക്ഷകന്റെ താലൂക്കിൽ നിന്നുതന്നെ വിതരണം ചെയ്യുന്നതിനും ചികിത്സാ സഹായം വിതരണം ചെയ്യുന്ന എന്ന വിവരം അപേക്ഷകനെ കത്ത് മുഖാന്തിരം അറിയിക്കുന്നതിനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ദുരിതാശ്വാസ നിധി-ചികിത്സാ സഹായം

79 (2898) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദുരിതാശ്വാസ നിധിയിൽനിന്നും ചികിത്സാ സഹായത്തിനായി നാളിതുവരെ ഓരോ ജില്ലയിലേക്കും അനുവദിച്ച തുക സംബന്ധിച്ച വിശദാംശം നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പാലക്കാട് ജില്ലയിലേക്ക് ഏത് മാസംവരെയുള്ള തുകയാണ് അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(സി) ഇത്തരത്തിൽ അനുവദിച്ചുകിട്ടിയ തുക മുഴുവനും വിതരണം നടത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ ?

ഉത്തരം

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സാ സഹായം ഉൾപ്പെടെയുള്ള വിവിധ ധനസഹായ വിതരണത്തിനായി ഓരോ ജില്ലയ്ക്കും അനുവദിച്ച തുകയുടെ കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) വിവിധ ധനസഹായങ്ങൾ നൽകുന്നതിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് ഫണ്ട് ആവശ്യപ്പെട്ടുകൊണ്ട് പാലക്കാട് ജില്ലാ കളക്ടർ 19-6-2015-ന് അയച്ച അപേക്ഷ പ്രകാരം 29-5-2015 വരെയുള്ള സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിലാണ് തുക അനുവദിച്ചിട്ടുള്ളത്.

(സി) 7-5-2015 തീയതിക്കുള്ളിൽ ഉത്തരവായ സർക്കാർ ഉത്തരവുകൾ പ്രകാരമുള്ള തുക ബന്ധപ്പെട്ട തഹസീൽദാർമാർക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്. ബാക്കിയുള്ള തുക കൂടി ബന്ധപ്പെട്ട തഹസീൽദാർമാർ മുഖേന ഗുണഭോക്താക്കൾക്ക് വിതരണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ദുരിതാശ്വാസ നിധിയിലെ ചികിത്സാ ധനസഹായത്തിനുള്ള കാലതാമസം

80 (2899) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദുരിതാശ്വാസനിധിയിലെ ചികിത്സാ ധനസഹായ വിതരണത്തിലുണ്ടാവുന്ന കാലതാമസം സംബന്ധിച്ച വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശം നൽകുമോ ;

(ബി) അടിയന്തരമായി ലഭിക്കേണ്ട ചികിത്സാ ധനസഹായം യഥാസമയം ലഭിക്കാത്തത് കാരണം രോഗികൾക്കുണ്ടാവുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശം നൽകുമോ ;

(സി) രോഗത്തിന്റെ പ്രാധാന്യവും രോഗിയുടെ സാമ്പത്തിക സ്ഥിതിയും മനസ്സിലാക്കി ധനസഹായ വിതരണത്തിലെ കാലതാമസം ഒഴിവാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly